**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:12.01.2026**

## പ്രധാനവാർത്തകൾ

1. **വിക്സിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗിൻറെ സമാപനസമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി അൽപസമയത്തിനകം അഭിസംബോധന ചെയ്യും.**
2. **2026-27 ലേക്കുള്ള കേന്ദ്ര ബജറ്റ് ഫെബ്രുവരി 1 ന് . പാർലമെൻറിൻറെ ബജറ്റ് സമ്മേളനം ഈ മാസം 28 മുതൽ.**
3. **കൃഷി, ഗ്രാമീണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് VB G RAM G പദ്ധതി നടപ്പിലാക്കാൻ എല്ലാ സംസ്ഥാനങ്ങളും ഉത്തരവാദിത്തം ഏറ്റെടുക്കണമെന്ന് കേന്ദ്രമന്ത്രി ജി. കിഷൻ റെഡ്ഡി.**
4. **കേരളത്തിൽ സമഗ്ര വോട്ടർ പട്ടികാ പരിഷ്കരണത്തിന്റെ ഭാഗമായി നോട്ടീസ് ലഭിച്ചവർക്ക് രേഖകൾ അപ് ലോഡ് ചെയ്യാൻ ഓൺലൈൻ സംവിധാനം ഒരുങ്ങി.**
5. **സംസ്ഥാനത്ത്- എച്ച്.ഐ.വി.ബാധയ്ക്കെതിരെ അതീവ ജാഗ്രത പുലർത്തണമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്.**
6. **മകരവിളക്കിന് ഒരുങ്ങി ശബരിമല സന്നിധാനം. തിരുവാഭരണ ഘോഷയാത്ര ആറൻമുളയിൽ എത്തി. സുരക്ഷയ്ക്കായി കൂടുതൽ ഉദ്യോഗസ്ഥരെ വിന്യസിച്ചു.**

RNU TVPM

## പ്രധാനമന്ത്രി

വിക്സിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗിൻറെ ന്യൂഡൽഹിയിൽ നടക്കുന്ന സമാപനസമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി അൽപസമയത്തിനകം അഭിസംബോധന ചെയ്യും. ഏകദേശം 3,000 യുവാക്കളുമായി അദ്ദേഹം പരിപാടിയിൽ സംവദിക്കും. കേരളത്തിൽ നിന്ന് 60 അംഗ സംഘമാണ് പങ്കെടുക്കുന്നത്. പരിപാടിയോടനുബന്ധിച്ച് ഒരുക്കിയ പ്രദർശനം പ്രധാനമന്ത്രി വീക്ഷിച്ചു. ഈ മാസം 9 ന് ആരംഭിച്ച യംഗ് ലീഡേഴ്സ് ഡയലോഗ് രണ്ടാം പതിപ്പിൽ വിവിധ ഘട്ടങ്ങളിലായി രാജ്യത്തുടനീളമുള്ള 50 ലക്ഷത്തിലധികം യുവാക്കൾ പങ്കെടുത്തു.

PNU TVPM

## കേന്ദ്ര ബജറ്റ്

2026-27 ലേക്കുള്ള കേന്ദ്ര ബജറ്റ് ഫെബ്രുവരി 1 ന് ലോക്സഭയിൽ അവതരിപ്പിക്കും. രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ നയപ്രഖ്യാപന പ്രസംഗത്തോടെ, ഈ മാസം 28 നാണ് പാർലമെൻറിൻറെ ബജറ്റ് സമ്മേളനത്തിന് തുടക്കമാവുക. ബജറ്റിന് മുന്നോടിയായുള്ള സാമ്പത്തിക സർവേ 29-ന് പാർലമെന്റിൽ സമർപ്പിക്കും. 28 മുതൽ ഫെബ്രുവരി 13 വരെയും, മാർച്ച് 9 മുതൽ ഏപ്രിൽ രണ്ട് വരെയും രണ്ട് ഘട്ടങ്ങളായാണ് സമ്മേളനം.

## ഐഎസ്ആർഒ

ഭൗമ നിരീക്ഷണ ഉപഗ്രഹമായ EOS-N1 വിക്ഷേപിച്ച് ISRO. വിക്ഷേപണത്തിൽ കണ്ടെത്തിയ ചില സാങ്കേതിക പ്രശ്നങ്ങൾ സംബന്ധിച്ച് കൂടുതൽ വിശകലനം നടത്തുമെന്ന് ISRO ചെയർമാൻ വി.നാരായണൻ അറിയിച്ചു. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിലെ ഒന്നാം വിക്ഷേപണത്തറയിൽ നിന്ന് ഇന്ന് രാവിലെയായിരുന്നു വിക്ഷേപണം.

## ഐ എസ് ആർ ഒ ശാസ്ത്രജ്ഞന് ക്ഷണം

RNU TVPM

ഈ വർഷത്തെ റിപ്പബ്ലിക് ദിന പരേഡിൽ അതിഥിയായി പങ്കെടുക്കാൻ ഐ എസ് ആർ ഒ യിലെ മലയാളി ശാസ്ത്രജ്ഞന് രാഷ്ട്രപതി ഭവനിൽ നിന്ന് ക്ഷണം. തിരുവനന്തപുരം തുമ്പ VSSC യിൽ NEXT GENERATION LAUNCH VEHICHLE -ൻറെ പ്രൊജക്റ്റ് ഡയറക്ടർ പേരൂർക്കട സ്വദേശി

എൻ .ജയനാണ് ഈ അവസരം ലഭിച്ചിരിക്കുന്നത്. കഴിഞ്ഞ മാസം രാഷ്ട്രപതിയിൽ നിന്ന് അദ്ദേഹം രാഷ്ട്രീയ വിജ്ഞാൻ പുരസ്കാരം ഏറ്റുവാങ്ങിയിരുന്നു.

**ജി റാം ജി-മന്ത്രി കിഷൻ റെഡ്ഡി**

കൃഷി, ഗ്രാമീണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് - കേന്ദ്ര സർക്കാർ അവതരിപ്പിച്ച VB G RAM G പദ്ധതി നടപ്പിലാക്കാൻ എല്ലാ സംസ്ഥാനങ്ങളും ഉത്തരവാദിത്തം ഏറ്റെടുക്കണമെന്ന് കേന്ദ്രമന്ത്രി ജി. കിഷൻ റെഡ്ഡി. ഗ്രാമീണ മേഖലയെ ശാക്തീകരിക്കുന്നതിനും ഈ പദ്ധതി ഏറെ സഹായകമാകുമെന്നും അദ്ദേഹം ഹൈദരാബാദിൽ പറഞ്ഞു.

നിതി ആയോഗിൻറെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നതെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

RNU TVPM

**എസ്ഐആർ**

സംസ്ഥാനത്ത് സമഗ്ര വോട്ടർ പട്ടികാ പരിഷ്കരണത്തിന്റെ ഭാഗമായി നോട്ടീസ് ലഭിച്ചവർക്ക് രേഖകൾ അപ് ലോഡ് ചെയ്യാൻ ഓൺലൈൻ സംവിധാനം ഒരുങ്ങി. voters.eci.gov.in വെബ്സൈറ്റ് ലിങ്കിൽ പ്രവേശിക്കുമ്പോൾ SUBMIT DOCUMENT AGANIST NOTICE ISSUED എന്ന ബട്ടണിലാണ് ക്ലിക്ക് ചെയ്യേണ്ടത്. മൊബൈൽ നമ്പറോ വോട്ടർ തിരിച്ചറിയൽ കാർഡ്

നമ്പരോ നൽകിയാൽ OTP ലഭിക്കും. ഇത് ഉപയോഗിച്ച് ലോഗിൻ ചെയ്ത് രേഖകൾ സമർപ്പിക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

**തദ്ദേശതെരഞ്ഞെടുപ്പ്**

സംസ്ഥാനത്ത് സ്ഥാനാർത്ഥികളുടെ മരണത്തെത്തുടർന്ന് തിരഞ്ഞെടുപ്പ് മാറ്റിവെച്ച മൂന്ന് തദ്ദേശ വാർഡുകളിലേക്ക് ഇന്ന് വോട്ടെടുപ്പ് നടന്നു. തിരുവനന്തപുരം കോർപറേഷനിലെ വിഴിഞ്ഞത്ത് 64.24 ശതമാനവും, മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമ പഞ്ചായത്തിലെ പായിമ്പാടം വാർഡിൽ 80.11 ഉം, എറണാകുളം പാമ്പാക്കുട ഗ്രാമപഞ്ചായത്തിലെ ഓണക്കൂറിൽ 79.97 ശതമാനവുമാണ് നിലവിലെ പോളിംഗ്. വോട്ടെണ്ണൽ നാളെ നടക്കും.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

**മന്ത്രി വീണാ ജോർജ്**

സംസ്ഥാനത്ത് എച്ച്.ഐ.വി.ക്കെതിരെ അതീവ ജാഗ്രത പുലർത്തണമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്.

ദേശീയ യുവജന ദിന സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. യുവജനങ്ങൾക്കിടയിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കും. എയിഡ്സ്,

ക്ഷയ രോഗ മുക്ത കേരളം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്നും ആരോഗ്യമന്ത്രി പറഞ്ഞു.

## പാലക്കാട് നെല്ല് ( ഇൻട്രോ )

പാലക്കാട് ജില്ലയിൽ സഹകരണ സംഘങ്ങൾ വഴി രണ്ടാം വിള നെല്ലെടുപ്പിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു. മറ്റു ജില്ലകളിൽ സ്വകാര്യമില്ലുകൾ വഴിയായിരിക്കും നെല്ലുസംഭരണം.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്........***

***(വോയിസ്....)***

RNU TVPM

## പുസ്തകോത്സവം-സമാപനം

കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ നാലാം പതിപ്പ് നാളെ സമാപിക്കും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യും. മൗറീഷ്യസ് മുൻ പ്രസിഡന്റ് അമീന ഗുരീബ് ഫക്കിം മുഖ്യപ്രഭാഷണം നടത്തും. നിയമസഭ പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ പ്രകാശനവും കേരള നിയമസഭ മാധ്യമ അവാർഡുകളുടെ വിതരണവും ചടങ്ങിൽ നടക്കും.

## മുഖ്യമന്ത്രി-സത്യാഗ്രഹം

കേരളത്തിന് അർഹമായ അവകാശങ്ങൾ കേന്ദ്ര സർക്കാർ എത്രയും വേഗം അനുവദിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേന്ദ്രസർക്കാരിന്റെ സാമ്പത്തിക ഉപരോധത്തിനെതിരെ തിരുവനന്തപുരം പാളയം രക്തസാക്ഷി മണ്ഡപത്തിൽ സംഘടിപ്പിച്ച സത്യാഗ്രഹ സമരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അതെസമയം, 2014 - 2024 കാലയളവിൽ 3 ലക്ഷത്തി 20,000 കോടി രൂപയാണ് നരേന്ദ്ര മോദി സർക്കാർ കേരളത്തിന് കൈമാറിയതെന്ന്

ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. യുപിഎ ഭരണകാലത്ത് ഇത് 72,000 കോടി രൂപ മാത്രമായിരുന്നുവെന്നും അദ്ദേഹം അറിയിച്ചു.

## രാഹുൽ മാങ്കൂട്ടത്തിൽ

ലൈംഗിക പീഡന കേസിൽ അറസ്റ്റിലായ രാഹുൽ മാങ്കൂട്ടത്തിൽ എം എൽ എയെ കസ്റ്റഡിയിൽ വാങ്ങാൻ പ്രത്യേക അന്വേഷണ സംഘം സമർപ്പിച്ച ഹർജി തിരുവല്ല മജിസ്ട്രേറ്റ് കോടതി നാളെ പരിഗണിക്കും.

RJUTVPM

കൂടുതൽ തെളിവെടുപ്പ് വേണമെന്നും ഇതിനായി 7 ദിവസത്തെ കസ്റ്റഡി ആവശ്യമാണെന്നും പ്രൊസിക്യൂഷൻ കോടതിയിൽ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**നാരങ്ങാമിഠായി( ഇൻട്രോ )**

വിദ്യാർത്ഥികളിൽ മൂല്യങ്ങളും കഴിവുകളും വളർത്തുന്നതിന് രണ്ട് പുതിയ കാമ്പയിനുകളുമായി സംസ്ഥാന വിദ്യാഭ്യാസ വകുപ്പ്. കുട്ടികളുടെ 'കളിക്കാനുള്ള അവകാശം' സംരക്ഷിക്കുന്ന - നാരങ്ങാമിഠായി, തീമാറ്റിക് ആഴ്ചകൾ എന്നീ പദ്ധതികളാണ് നടപ്പാക്കുന്നത്. ***ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട് തയ്യാറാക്കിയ റിപ്പോർട്ട്..... ( വോയിസ്....)***

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**ശബരിമല**

മകരവിളക്ക് മഹോത്സവത്തിന് ഒരുങ്ങി ശബരിമല സന്നിധാനം. അയ്യപ്പവിഗ്രഹത്തിൽ ചാർത്താനുള്ള തിരുവാഭരണങ്ങൾ വഹിച്ചുകൊണ്ടുള്ള ഘോഷയാത്ര ആറന്മുളയിലെത്തി. തിരുവാഭരണ ഘോഷയാത്രയ്ക്കായി കാനനപാത വനം വകുപ്പ് സുരക്ഷിതമാക്കി. പമ്പാനദിക്ക് കുറുകെ

താൽക്കാലിക നടപ്പാത നിർമ്മിച്ചിട്ടുണ്ട്. ഭക്തരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് 120 ഉദ്യോഗസ്ഥരെ അധികമായി വിന്യസിച്ചു. മറ്റെന്നാളാണ് മകരവിളക്ക്.

❁❁❁❁❁❁❁❁❁❁❁❁❁

## മനുഷ്യാവകാശ കമ്മീഷൻ

കെ.എസ്. ആർ.ടി. സി ഡ്രൈവർമാരുടെ അശ്രദ്ധമായ ഡ്രൈവിംഗ് കാരണം അപകടങ്ങൾ പതിവാകുകയാണെന്ന പരാതിയിൽ ഇടപെട്ട് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ. പരാതിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിക്കണമെന്ന് കമ്മീഷൻ നിർദേശം നൽകി. ഒരു മാസത്തിനകം റിപ്പോർട്ട് നൽകാനും ഉത്തരവിട്ടു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## ബിഹാർ കുട്ടികൾ

പാലക്കാട് റയിൽവേ സ്റ്റേഷനിൽ മതിയായ രേഖകൾ ഇല്ലാതെ കണ്ടെത്തിയ ബിഹാർ സ്വദേശികളായ കുട്ടികളെ കോഴിക്കോട്ടെ മതപഠന സ്ഥാപനത്തിലേക്ക് അയക്കില്ലെന്ന് ചൈൽഡ് വെൽഫെയർ കമ്മിറ്റി. കുട്ടികൾക്ക് ആധാർ കാർഡ് മാത്രമാണ് ഉള്ളത്. 21 കുട്ടികളുടെയും കുടുംബങ്ങളുമായി ബന്ധപ്പെട്ട

വിവരങ്ങൾ ശേഖരിക്കാൻ ശ്രമിക്കുകയാണെന്ന് CWC അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**സവിശേഷ-ഭിന്നശേഷി സർഗോത്സവം**

സംസ്ഥാനതല ഭിന്നശേഷി സർഗോത്സവത്തിലേക്കുള്ള രെജിസ്ട്രേഷൻ മറ്റെന്നാൾ സമാപിക്കും. നിശ്ചിത മാതൃകയിൽ പൂരിപ്പിച്ച അപേക്ഷ ജില്ലാ സാമൂഹ്യനീതി ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. ഈ മാസം 19 മുതൽ 21 വരെ തിരുവനന്തപുരത്താണ് സർഗോത്സവം നടക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

**ലക്ഷദ്വീപ്**

ലക്ഷദ്വീപ് മത്സ്യമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് കർമപദ്ധതി തയ്യാറാക്കാൻ ഒരുങ്ങി ദ്വീപ് ഭരണകൂടം. ഫിഷറീസ്-സമുദ്രകൃഷി രംഗത്ത് സാങ്കേതിക മുന്നേറ്റം, സംരംഭകത്വം, നിക്ഷേപം തുടങ്ങിയവ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് ലക്ഷദ്വീപ് ഫിഷറീസ് സെക്രട്ടറി രാജ് തിലക് പറഞ്ഞു. കവരത്തിയിൽ CMFRI ലക്ഷദ്വീപ് കൃഷി വിജ്ഞാന കേന്ദ്രം ഫിഷറീസ് വകുപ്പുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന ഗുണഭോക്തൃ ശിൽപശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

RNUTVPM

RNU TVPM